**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2026** **09-02-2023 - ൽ മറുപടിയ്ക്ക്**

**പ്രദേശിക പത്രപ്രവർത്തകർക്കുള്ള ക്ഷേമനിധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| (എ) | പ്രദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; ക്ഷേമനിധി എപ്പോൾ നടപ്പിലാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (എ) | 2008- ലെ അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി നിയമം (കേന്ദ്ര നിയമം) പ്രകാരം 02-02-2016 തീയതിയിലെ സ.ഉ. (പി) നമ്പർ 24/2016/തൊഴിൽ ഉത്തരവ് മുഖേന നിലവിൽ വന്ന കേരള അൺഓർഗനൈസ്ഡ് സോഷ്യൽ സെക്യൂരിറ്റി സ്കീമിൽ പ്രാദേശിക പത്രപ്രവർത്തകർക്ക് അംഗമാകാൻ സാധിക്കും.<br><br>വർക്കിംഗ് ജേർണലിസ്റ്റ് (കണ്ടീഷൻസ് ഓഫ് സർവ്വീസ് & മിസ്സലേനിയസ് പ്രൊവിഷൻസ്) ആക്ട് 1955 ന്റെ പരിധിയിൽ വരാത്തവരും, ഫ്രീലാൻസ് പത്രറിപ്പോർട്ടർ, സ്ട്രിംഗർ തുടങ്ങി ഒരു പ്രത്യേക തൊഴിലുടമയില്ലാതെ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്കും ഈ സ്കീമിൽ അംഗത്വമെടുക്കാവുന്നതാണ്. ഈ ക്ഷേമപദ്ധതി മുഖേന റിട്ടർമെന്റ് ആനുകൂല്യം, വാർദ്ധക്യകാല പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, ചികിത്സാ സഹായം, വിദ്യാഭ്യാസ ആനുകൂല്യം, പ്രസവാനുകൂല്യം, വിവാഹ ധനസഹായം, മരണാനന്തര ആനുകൂല്യം, അപകട ആനുകൂല്യം എന്നിവക്കും അർഹത ഉണ്ടായിരിക്കുന്നതാണ്<br><br>കേരളത്തിലെ പത്ര-ദൃശ്യ-ഡിജിറ്റൽ മാധ്യമരംഗത്ത് പ്രവർത്തിക്കുന്ന മറ്റ് ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്ത തൊഴിലാളികളെ ടി പദ്ധതിയിൽ അംഗങ്ങളാക്കുന്നതിന് 19/08/2019 തീയതിയിലെ സ.ഉ.(സാധാ).നം 1005/2019/തൊഴിൽ പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയിൽ അംഗങ്ങളാവുന്നവർക്ക് "രാഷ്ട്രീയ സ്വാസ്ഥ്യ |

| | | | | |
|---|---|---|---|---|
| | | | | ബീമാ യോജന'' പദ്ധതി പ്രകാരം ചികിത്സാസഹായം ലഭിക്കുവാൻ അർഹതയില്ലാത്ത സാഹചര്യത്തിൽ, അംഗങ്ങൾക്കും കുടുംബാംഗങ്ങൾക്കും സർക്കാർ ആശുപത്രികളിലോ ബോർഡ് അംഗീകരിച്ചിട്ടുള്ള ആശുപത്രികളിലോ ഇൻ-പേഷ്യന്റായുള്ള ചികിത്സയ്ക്ക് അംഗത്വകാലയളവിനുള്ളിൽ പരമാവധി 10,000/- രൂപ ചികിത്സ സഹായമായി നല്കുന്നതാണ്.<br><br>പ്രാദേശിക പത്രപ്രവർത്തകർക്ക് ക്ഷേമനിധി ആരംഭിക്കുന്ന കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ